"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ (KSREC) മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജി.ഐ.എസ് (GIS) മാപ്പിംഗ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി )വകുപ്പ്**

സ.ഉ.(സാധാ) നം.398/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:-

1. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് (KSREC) ഡയറക്ടറുടെ 17.08.2023-ലെ എ-1441/2023/കെഎസ്ആർഇസി നമ്പർ കത്ത്
2. 22.01.2024ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം -നമ്പർ (പ്രത്യേക വിഷയം) 4.79

**ഉത്തരവ്**

കേരളത്തിന്റെ സ്ഥലപര പ്രാദേശിക ആസൂത്രണത്തിനും വികസനത്തിനുമായ വിവരങ്ങൾ റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ശേഖരിക്കുകയും അവ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്ററിന്റെ പ്രധാന പ്രവർത്തനമെന്നും റിമോട്ട് സെൻസിംഗ് ജി.ഐ.എസ് പ്രവർത്തനങ്ങളിൽ സ്ഥാപനത്തിലെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്ററിന് ജിഐഎസ് മാപ്പിംഗിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാനും കഴിയുമെന്നതിനാൽ ആയത് പരിഗണിച്ച് ജിഐഎസ് മാപ്പിംഗ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ വഴി നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് പരാമർശം (1)ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2.പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ (KSREC) മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജി.ഐ.എസ് (GIS) മാപ്പിംഗ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ്, ജനറൽ(A&E) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(G&SSA/E&RSA) കേരള, തിരുവനന്തപുരം

ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

ഡയറക്ടർ(I&PRD), (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.EG2/28/2024-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Bindu S
Date: 19-02-2024 10:37:29

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്